# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3045 13.07.2015-ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങലിൽ പ്രാർത്ഥനായോഗത്തിന് നേരെ നടന്ന ആക്രമണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ബി. സത്യൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ആറ്റിങ്ങൾ മുനിസിപ്പൽ ലൈബ്രറി ഹാളിൽ പ്രാർത്ഥനായോഗത്തിന് നേരെ നടന്ന ആക്രമണവുമായി ബന്ധപ്പെട്ട എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഇവർ ഏത് സംഘടനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണെന്നും കേസുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ; | (എ) ഈ സംഭവവുമായി ബന്ധപ്പെട്ട് ആറ്റിങ്ങൾ പോലീസ് സ്റ്റേഷൻ ക്രൈം നം. 1181/15 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടി കേസിൽ 5 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവർ ബി.ജെ.പി./ആർ.എസ്.എസ് സംഘടനയിലെ പ്രവർത്തകരാണ്. മറ്റ് പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്ത് നിയമത്തിന്റെ മുന്നിൽ കൊണ്ടു വരുന്നതിനുള്ള ഊർജിതമായ അന്വേഷണം നടത്തി വരുന്നു. |
| (ബി) പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുന്നതിന് മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവുകളുടേയും സർക്കുലറുകളുടേയും പകർപ്പ് ലഭ്യമാക്കാമോ ? | (ബി) പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുന്നതിനായി മുൻകൂർ അനുമതി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ